(ബി) എങ്കിൽ ഇതു സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തത് ;

(സി) അനധികൃതമായി നടക്കുന്ന മരം വെട്ട് തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) മുറിച്ച തടി പോലീസ് വാനിൽ കയറ്റി കടത്തിയതായി ഏതെങ്കിലും സംഭവം ഈ വർഷം റിപ്പോർട്ടു ചെയ്തിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം എർപ്പെടുത്തിയിട്ടുണ്ടോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ അനധികൃതമായി മരം മുറിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) അനധികൃതമായി നടക്കുന്ന മരംവെട്ട് തടയാൻ ഫോറസ്റ്റ് പ്ലെയിംഗ് സ്ക്വാഡ്, ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവയുടെയും അത്യാവശ്യസന്ദർഭങ്ങളിൽ പോലീസിന്റെയും സേവനം ഉപയോഗിക്കുന്നുണ്ട്.

(ഡി) ഉണ്ട്. 10-9-1986-ൽ പത്തനാപുരം റേഞ്ചിൽ നിന്നും അനധികൃതമായി തേക്കുതടി കടത്തുവാൻ ഉപയോഗിച്ച പോലീസ് വാൻ കസ്റ്റഡിയിൽ എടുക്കുകയും നടപടി എടുത്തശേഷം ജാമ്യത്തിൽ വിട്ടുകൊടുത്തതായും റിപ്പോർട്ടു ലഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻറ് ചെയ്തിട്ടുമുണ്ട്.

(ഇ) അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ട്. വനം വകുപ്പിൽ നിന്നും പോലീസ് വകുപ്പിൽ നിന്നും അന്വേഷണം നടത്തിവരുന്നു.

കാട്ടു തീ മൂലം നശിച്ചു കൊണ്ടിരിക്കുന്ന വനം

* 246 [267] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, പി. സീതിഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടു തീ മൂലം ശരാശരി പ്രതിവർഷം എത്ര ഹെക്ടർ വനം നശിച്ചുകൊണ്ടിരിക്കുന്നു ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കാട്ടു തീ മൂലം എത്ര ഹെക്ടർ സ്ഥലത്തെ വനം നശിച്ചു ;

(സി) തൻ മൂലം ഉണ്ടായ നഷ്ടമെന്ത് ;

(ഡി) കാട്ടു തീ ഫലപ്രദമായി തടയുന്നതിന് ഗവൺമെൻറ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) 1981 മുതൽ 1986 വരെയുള്ള കാലയളവിൽ ശരാശരി 830.56 ഹെക്ടർ വനം പ്രതിവർഷത്തിൽ തീപിടിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം 545 ഹെക്ടർ സ്ഥലത്ത് തീ പിടുത്തം ഉണ്ടായിട്ടുണ്ട്.

(സി) 82.730 രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) അഗ്നി നിരോധ പാതകം തെളിച്ചു സംരക്ഷിക്കുക, കാവൽ മാടങ്ങൾ നിർമ്മിക്കുക, വാഹനങ്ങളും അഗ്നിപ്രതിരോധ ഉപകരണങ്ങളും വാങ്ങുകയും സംരക്ഷിക്കുകയും ചെയ്യുക എന്നിവ ഉൾപ്പെടുത്തി അഗ്നിബാധയിൽ നിന്ന് വനം സംരക്ഷിക്കുന്നതിനായി പശ്ചിമഘട്ടവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പദ്ധതി തയ്യാറാക്കിയെങ്കിലും പ്രസ്തുത പദ്ധതി പ്ലാനിംഗ് കമ്മിഷൻ, 1986–87 ലേക്കുള്ള വനപദ്ധതികൾക്കു വേണ്ടി അനുവദിച്ച തുകയുടെ അപര്യാപ്തത കാരണം അംഗീകരിച്ചില്ല.

ഖാദി-ഗ്രാമവ്യവസായ ബോർഡുവഴി ആരംഭിക്കുന്ന വ്യവസായങ്ങൾ

* 247 [268] ശ്രീ. എം. വി. രാഘവൻ :

,, സി. പി. മുസ്സാൻകുട്ടി :

,, സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി-ഗ്രാമവ്യവസായ ബോർഡുവഴി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി വ്യവസായങ്ങൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഏതെല്ലാം വ്യവസായങ്ങളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനുവേണ്ടി ചെലവാക്കുന്ന തുക എത്ര ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഖാദി-ഗ്രാമവ്യവസായബോർഡ് നേരിട്ട് ചില വ്യവസായങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ട്.

(ബി) ബോർഡ് വായ്പ ലഭ്യമാക്കുന്ന ഗ്രാമവ്യവസായങ്ങൾ ഖാദി, അലൂമിനിയം, മൺപാത്ര വ്യവസായം, തുകൽ, തീപ്പെട്ടി പനംചക്കര, ശർക്കര, പഞ്ചസാര, എണ്ണയാട്ടൽ, പച്ചമരുന്നുചെടികളുടെ ശേഖരണം, പഴവർഗ്ഗ സംഭരണവും സംസ്കരണവും, സോപ്പുനിർമ്മാണം, കുമ്മായവ്യവസായം, തേനീച്ചവളർത്തൽ, നാരുവ്യവസായം, ആശാരിപ്പണി, കൊല്ലപ്പണി, ഈറ-മുള വ്യവസായം, പോളിവസ്ത്രം, കൈക്കടലാസ് നിർമ്മാണം, ധാന്യ പയർ വർഗ്ഗ സംസ്കരണം, റബ്ബർ ഇവയാണ്.

(സി) ഉദ്ദേശം മതിപ്പുചിലവ് 778.77 ലക്ഷം രൂപവേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly